# കേരള വെള്ളാള മഹാസഭ (KVMS)

(തിരുവിതാംകൂർ കമ്പനി ആക്ട് സെക്ഷൻ 28 പ്രകാരം 1/1959-ൽ രജിസ്റ്റർ ചെയ്യപ്പെട്ടത്)
H.O.: 2/303, തോട്ടമൺ, പി.ബി. നമ്പർ. 9, റാന്നി പോസ്റ്റ്, പത്തനംതിട്ട, കേരള-689672.
R.O.: 204, സമസ്ത ജൂബിലി സൗധം, മേലേ തമ്പാനൂർ, തിരുവനന്തപുരം-695001
www.kvms.info E-mail: generalsecretarykvms@gmail.com

| President: | General Secretary: | Treasurer |
|---|---|---|
| N. MAHESAN | MANACAUD R. PADMANABHAN | RAJEEV THAZHAKKARA |

**മഹാസഭയുടെ പുതിയ ഫോൺ നമ്പർ: 94.95.96.97.95.**


സർക്കുലർ നമ്പർ: 2/19-20 തീയതി: 05-12-2019

*മുൻ മന്ത്രി പി.എസ്. നടരാജപിള്ളയുടെ പുത്രൻ എൻ. വെങ്കിടേശൻ, പ്രമുഖ വ്യവസായി തിരുവനന്തപുരം പി. ചിദംബരം എന്നിവർക്കും റിപ്പോർട്ട് കാലയളവിൽ മൺമറഞ്ഞ മറ്റു സമുദായാംഗങ്ങൾക്കും മഹാസഭ അനുശോചനം രേഖപ്പെടുത്തുന്നു.*

കേരള വെള്ളാള മഹാസഭയുടെ 2019-20-ലെ രണ്ടാമത് ഡയറക്ടർ ബോർഡ് യോഗം 2019 ഡിസംബർ മൂന്ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് മഹാസഭ പ്രസിഡന്റ് എൻ. മഹേശന്റെ അദ്ധ്യക്ഷതയിൽ, ഡയറക്ടർ ബോർഡ് അംഗം കായംകുളം പി. ഹരിദാസിന്റെ വസതിയിൽ കൂടുകയുണ്ടായി. ഈശ്വര പ്രാർത്ഥന, ആചാര്യവന്ദനം, അനുശോചനം എന്നിവയോടുകൂടി ആരംഭിച്ച യോഗത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. യോഗതീരുമാനങ്ങൾ കീഴ്ഘടകങ്ങളുടെ അറിവിലേക്കും നടപ്പിലാക്കുന്നതിനുമായി ചുവടെ ചേർക്കുന്നു.

(1) മുൻ യോഗ റിപ്പോർട്ടും റിപ്പോർട്ട് കാലാവധിക്കുള്ളിൽ നടന്ന പ്രവർത്തന റിപ്പോർട്ടും ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. ആയത് ചർച്ചയ്ക്കു ശേഷം അംഗീകരിച്ചു.

(2) 2017-18, 18-19 സാമ്പത്തിക വർഷങ്ങളിലെ മഹാസഭ കണക്കുകളുടെ ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ച്, ഇന്റേണൽ ഓഡിറ്റർമാരായ സെക്രട്ടറി എസ്. ജയഗോപാലും പി. ഹരിദാസും യോഗാദ്ധ്യക്ഷന് സമർപ്പിച്ചു.

(3) പുനലൂർ യൂണിയന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്ന ശാസ്താംകോണം, ഭരണിക്കാവ് പ്രദേശങ്ങൾ ഉൾപ്പെടുത്തി ശബരി ശൈവ വെള്ളാള ഉപസഭ (538/2019), പത്തനാപുരം യൂണിയന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്ന പത്തനാപുരം ടൗൺ ചേലക്കോട്ട്, മഞ്ഞല്ലൂർ പ്രദേശങ്ങൾ ഉൾപ്പെടുത്തി പത്തനാപുരം ടൗൺ ഉപസഭ (537/2019) എന്നിങ്ങനെ രണ്ട് പുതിയ ഉപസഭകൾക്ക് അംഗീകാരം നൽകി.

(4) പ്രവർത്തന സൗകര്യത്തിനായി യൂണിയൻ പുനഃസംഘടിപ്പിച്ചുതരണമെന്ന കോന്നി, സീതത്തോട്, അരുവിക്കര യൂണിയനുകളിൽ നിന്നു ലഭിച്ച കത്തിന്, മഹാസഭയുടെ ബൈലോ (ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ) പേജ് നമ്പർ എട്ടിലും ഒൻപതിലുമായി പ്രതിപാദിച്ചിട്ടുള്ള വകുപ്പ് 6, ഉപവകുപ്പ് 6 പ്രകാരം അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. (സൂചന: സർക്കുലർ നമ്പർ 8/17-18 ഇനം 6).

(5) പത്തനംതിട്ട ജില്ലയിലെ കോന്നി യൂണിയന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സെക്രട്ടറി എസ്. ജയഗോപാൽ (വരണാധികാരി), ട്രഷറർ രാജീവ് തഴക്കര, ബോർഡ് അംഗങ്ങളായ കെ.ബി. സാബു, എ. ശശികുമാർ എന്നിവരടങ്ങുന്ന നാലംഗ സമിതിയെ ചുമതലപ്പെടുത്തി.

(6) 2018-19-ലെ മികച്ച യൂണിയൻ, ഉപസഭ, വനിതാ സമാജം, യൂത്ത് വിംഗ് എന്നിവയെ കണ്ടെത്തുന്നതിനായുള്ള അപേക്ഷ ക്ഷണിക്കുവാൻ തീരുമാനിച്ചു. അപേക്ഷാഫോം ഇതോടൊപ്പം നൽകുന്നു. ഫോം പൂരിപ്പിക്കുന്നതോടൊപ്പം അതിൽ കൂട്ടിച്ചേർക്കേണ്ടതായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ അതുമുൾപ്പെടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ വഴിയോ മേൽഘടകങ്ങൾ വഴിയോ മഹാസഭയ്ക്ക് ഡിസംബർ 31-നു മുമ്പ് തപാലാക്കേണ്ടതാണ്.

...2

(7) 2018-ലെ പ്രളയംമൂലം ഹെഡ് ഓഫീസിലുള്ള രേഖകൾ പൂർണമായി നഷ്ടപ്പെട്ടുകഴിഞ്ഞ സാഹചര്യത്തിൽ എല്ലാ കീഴ്ഘടകങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി പ്രത്യേക ഫോം തയാറാക്കി കീഴ്ഘടകങ്ങൾക്ക് ഉടൻ തന്നെ നൽകുന്നതാണ്.

(8) മഹാസഭയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മാര്യേജ് ബ്യൂറോയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ തുക 500-ൽ നിന്ന് 1000 ആക്കാനും രജിസ്ട്രേഷൻ കാലാവധി വർധിപ്പിച്ചും വെള്ളാള ശബ്ദത്തിൽ പ്രൊഫൈൽ വിവരങ്ങൾ സൗജന്യമായി നൽകിയും മാര്യേജ് ബ്യൂറോ കൂടുതൽ സ്വീകാര്യമാക്കുവാൻ തീരുമാനിച്ചു. 2020 ജനുവരി ഒന്നു മുതൽ ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്.

(9) ജില്ല/സംസ്ഥാന തലങ്ങളിൽ ഇക്കഴിഞ്ഞ കലാ-കായിക-സാഹിത്യ മൽസരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച് എ ഗ്രേഡ് ഉൾപ്പെടെയുള്ള അംഗീകാരം നേടിയ വിജയികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും സമ്മാന വിവരങ്ങളും സമ്മാനത്തിനർഹമായ രചനകളും ഉപസഭ സെക്രട്ടറിമാർ മുഖേന വെള്ളാള ശബ്ദത്തിന്റെ ചീഫ് എഡിറ്റർക്ക് 2019 ഡിസംബർ 31-നു മുമ്പായി നൽകേണ്ടതാണ്. ഇവ ജനുവരിയിൽ പ്രസിദ്ധീകരിക്കുന്ന വെള്ളാള ശബ്ദത്തിൽ ഉൾപ്പെടുത്തുന്നതാണ്.

സംസ്ഥാന വൈസ് പ്രസിഡന്റ് പി.എ. ചന്ദ്രപ്പൻപിള്ളയുടെ നന്ദിപ്രകാശനത്തോടെ യോഗം രണ്ടു മണിക്ക് അവസാനിച്ചു.

VELLALA MAHA SABHA KERALA STATE

മണക്കാട് ആർ. പത്മനാഭൻ
ജനറൽ സെക്രട്ടറി

## തിരുവനന്തപുരം ജില്ലയിലെ ഉപസഭകളുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം ജില്ലയിൽ 2011-ാമാണ്ടിൽ 394-ാം നമ്പരായി തിരുവനന്തപുരം ജില്ലാ വെള്ളാള വനിതാ സമാജം എന്ന കീഴ്ഘടകം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സമാജം ജില്ലാ പ്രസിഡന്റായി പി.എസ്. മഹേശ്വരി, സെക്രട്ടറി (ചുമതല)യായി എം. കലാദേവി, ട്രഷററായി ജയശ്രീ എന്നിവർ നേതൃത്വം നൽകുന്ന പ്രസ്തുത ജില്ലാ വനിതാ സമാജം ഇപ്പോഴും മഹാസഭയുടെ വാർഷിക വരി അടച്ചും മഹാസഭയുമായും, ജില്ലയിലെ മറ്റു കീഴ്ഘടകങ്ങളുമായും സഹകരിച്ചു പ്രവർത്തിച്ചുവരികയാണ്. മഹാസഭയുടെ കീഴിൽ ജില്ലാടിസ്ഥാനത്തിൽ മറ്റേതെങ്കിലും വനിതാ സമാജങ്ങളോ കമ്മിറ്റികളോ, മഹാസഭയുടെ അറിവോടെയോ അംഗീകാരത്തോടെയോ മേൽനോട്ടത്തിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്നില്ല എന്ന വിവരം അറിയിക്കുന്നു. ജില്ലാതലത്തിൽ കീഴ്ഘടകങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനോ തെരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളെ നിശ്ചയിക്കുന്നതിനോ മഹാസഭ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ജില്ലാ കമ്മിറ്റിയുടെ നിയമാവലിയനുസരിച്ചുള്ള തെരഞ്ഞെടുപ്പ് തിരുവനന്തപുരത്തുള്ള ജില്ലാഘടകങ്ങളിൽ നടന്നതായി മഹാസഭയ്ക്ക് അറിവുള്ളതുമല്ല. ഈ സാഹചര്യം നിലനിൽക്കെ, തിരുവനന്തപുരം ജില്ലാ വെള്ളാള വനിതാ സമാജത്തിന്റേതായി മറ്റു ചില വനിതകളുടെ പേര് ഭാരവാഹിത്വ പട്ടികയായി ഉൾപ്പെടുത്തി, ചില പരിപാടികളുടെ ആസൂത്രണം രേഖപ്പെടുത്തിയ ലെറ്റർ പാഡ് ലഭിച്ചതായി അംഗീകൃത വനിതാ സമാജങ്ങളിൽ നിന്ന് അറിയാൻ കഴിഞ്ഞു. മഹാസഭയ്ക്കോ, മഹാസഭ അംഗീകാരം നൽകിയ 394-ാം നമ്പർ ജില്ലാ വെള്ളാള വനിതാ സമാജത്തിനോ ഇത്തരം കത്തുകളുമായോ അതിലെ പരിപാടികളുമായോ യാതൊരു ബന്ധവുമില്ലെന്ന് ജില്ലയിലെ കീഴ്ഘടകങ്ങളെ അറിയിച്ചുകൊള്ളുന്നു.